(എഫ്) പത്രങ്ങൾക്ക് പരസ്യം നൽകിയതിന് 12,41,103 രൂപ ചെലവായി. ഡോക്യുമെന്ററി സംപ്രേഷണത്തിന് 40,250 രൂപ ഫീസായി നൽകി.

(ജി) പത്രപരസ്യത്തിന് 12,41,103 രൂപ പരസ്യചിത്രങ്ങളുടെയും ഡോക്യുമെന്ററിയുടെയും സംപ്രേഷണത്തിന് നിർമ്മാണചെലവുൾപ്പെടെ 7,20,250 രൂപ (ഏഴ് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റി അമ്പത് രൂപ മാത്രം)

(എച്ച്) പത്രപരസ്യത്തിനും ടി.വി. സംപ്രേഷണത്തിനും നൽകിയ തുകയുടെ വിവരം ചേർക്കുന്നു.

ടി.വി. സംപ്രേഷണം

ദൂരദർശൻ	-	5250 രൂപ
ഏഷ്യാനെറ്റ്	-	35000 രൂപ

പത്രപരസ്യം

പത്രപരസ്യം	-	12,41,103 രൂപ

(അനുബന്ധം കാണുക)

(ഐ) പബ്ലിക് റിലേഷൻസ് വകുപ്പ് പത്രപരസ്യത്തിന് 12,41,103 രൂപയും (പന്ത്രണ്ട് ലക്ഷത്തി നാൽപത്തി ഒന്നായിരത്തി ഒരുന്നൂറ്റി മൂന്ന് രൂപാ മാത്രം) ദൃശ്യമാധ്യമം വഴിയുള്ള പരസ്യത്തിന്റെ നിർമ്മാണത്തിനും സംപ്രേഷണത്തിനുമായി 7,20,250 (ഏഴ് ലക്ഷത്തി ഇരുപതിനായിരത്തി ഇരുന്നൂറ്റി അമ്പത് രൂപാ മാത്രം) രൂപയും ചെലവഴിച്ചു. പൊതുമേഖലാ സ്ഥാപനങ്ങളുടെ ചെലവ് വിവരം ലഭ്യമല്ല.

ഗവൺമെന്റിന്റെ ഭരണ നേട്ടം സംബന്ധിച്ച പ്രസിദ്ധീകരണങ്ങൾ

50 (51) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റിന്റെ ഭരണ നേട്ടം സംബന്ധിച്ച് പ്രസിദ്ധീകരണങ്ങൾ അച്ചടിച്ചിറക്കുന്നതിനുള്ള ചെലവുകൾ നിർവ്വഹിക്കുന്നതിനായി തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശം 2001 ജനുവരിയിൽ മുഖ്യമന്ത്രിക്ക് ലഭിച്ചിരുന്നുവോ ;

(ബി) എങ്കിൽ എത്ര തുക അനുവദിക്കുന്നതിനുള്ള നിർദ്ദേശമാണ് ലഭിച്ചത് ;

(സി) ഈ തുക അനുവദിച്ചുവോ ;

(ഡി) ഏതെല്ലാം പ്രസിദ്ധീകരണങ്ങളുടെ എത്ര കോപ്പി വീതം പ്രസിദ്ധീകരിക്കുന്നതിനാണ് തുക അനുവദിച്ചിട്ടുള്ളത് ;

(ഇ) ഈ തുക ഉപയോഗിച്ചുള്ള പ്രസിദ്ധീകരണങ്ങൾ എന്നു പുറത്തിറങ്ങി എന്നു പറയുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇത് സംബന്ധിച്ച് പ്രത്യേക നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

(ബി-ഇ) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ പ്രസിദ്ധീകരണത്തിനുള്ള ചെലവ്

51 (52) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1991 ഫെബ്രുവരിയിൽ ഈ ഗവൺമെന്റിന്റെ ഭരണ നേട്ടങ്ങൾ ചിത്രീകരിക്കുന്ന എത്ര പ്രസിദ്ധീകരണങ്ങൾ പുറത്തിറങ്ങി ;

(ബി) അവ ഏതെല്ലാം ;

(സി) ഇവയ്ക്കു ഓരോന്നിനും എത്ര പേജുകൾ വീതമുണ്ട് ;

(ഡി) ഇവയുടെ പ്രസിദ്ധീകരണത്തിന് എന്തു തുക ചെലവഴിച്ചു ;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ എത്ര പ്രചരണ പ്രസിദ്ധീകരണങ്ങൾ പുറത്തിറങ്ങിയിട്ടുണ്ട് ; അവയുടെ വിവരം ലഭ്യമാക്കാമോ ;

(എഫ്) ഇവയ്ക്കു വേണ്ടി എത്ര ടൺ പേപ്പർ ഉപയോഗിച്ചിട്ടുണ്ട് ;

(ജി) ഇവയ്ക്കു വേണ്ടി വന്നിട്ടുള്ള ചെലവ് എത്രയാണ് ;

(എച്ച്) ഇവയുടെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) 1991 ഫെബ്രുവരിയിൽ ഈ ഗവൺമെന്റിന്റെ ഭരണനേട്ടങ്ങൾ ചിത്രീകരിക്കുന്ന പ്രസിദ്ധീകരണങ്ങളൊന്നും പബ്ലിക് റിലേഷൻ വകുപ്പു പുറത്തിറക്കിയിട്ടില്ല.

(സി&ഡി) ബാധകമല്ല.

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലയാളത്തിൽ 213 പുസ്തകങ്ങളും ഇംഗ്ലീഷിൽ 52 പുസ്തകങ്ങളും തമിഴിലും കന്നടയിലും ഓരോ പുസ്തകം വീതവും അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുള്ളതിന്റെ ലിസ്റ്റ് ഉള്ളടക്കം ചെയ്തിരിക്കുന്നു.†

(എഫ്) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രസിദ്ധീകരണങ്ങൾ സർക്കാർ പ്രസ്സുകളിലും അർദ്ധ സർക്കാർ പ്രസ്സുകളിലുമാണ് അച്ചടിച്ചുവരുന്നത്. അതിനാൽ ഇതിലേക്കാവശ്യമായ കടലാസിന്റെ കണക്കുകൾ പ്രത്യേകം കണക്കാക്കിയിട്ടില്ല.

† അനുബന്ധം - XVIII

LIBRARY ARCHIVES Kerala Legislative Assembly